ഓർത്തഡോക്സ് സഭ
അൽമായവേദി

വാല്യം 1 ലക്കം 2 | കോട്ടയം | 2025 ഫെബ്രുവരി 01 | പേജ് 4

മലങ്കരസഭാ ഭരണഘടനാ ശില്പികൾ

ജോയ്സ് തോട്ടയ്ക്കാട്



പൂതക്കുഴിയിൽ പി. റ്റി. അബ്രഹാം കത്തനാർ (1875–1944)

1874 ഡിസംബർ 25-നു തുമ്പമൺ പള്ളി ഇടവകയിൽ പി. റ്റി. തോമസ് കത്തനാരുടെയും ആണ്ടമ്മയുടെയും പുത്രനായി ജനിച്ചു. 1886 മുതൽ പരുമല സെമിനാരിയിൽ പ. പരുമല തിരുമേനിയുടെയും വട്ടശേരിൽ ഗീവർഗീസ് മല്പാന്റെയും ശിഷ്യനായി വൈദിക പരിശീലനം നേടി. 1894 ഡിസംബർ 14-നു പ. പരുമല തിരുമേനി ശെമ്മാശ പട്ടം നൽകി. തുടർന്ന് പരുമല തിരുമേനിയുടെ സെക്രട്ടറി ആയി പ്രവർത്തിച്ചു. 1901 ഫെബ്രുവരി 23-ന് പ. പരുമല തിരുമേനി കത്തനാരു പട്ടം കൊടുത്തു. 1901–1944 കാലത്ത് തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയുടെ വികാരിയായി സ്തുത്യർഹമായി സേവനം ചെയ്തു. തിരുവിതാംകൂർ രാജകുടുംബവുമായി സഭാനേതൃത്വത്തെ ബന്ധിപ്പിച്ചു നിർത്തിയ പ്രധാന കണ്ണി ആയിരുന്നു അച്ചൻ.

വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വസ്തനും കാനോൻ വിദഗ്ദ്ധനുമായിരുന്നു. സഭാക്കേസുകൾ തിരുവനന്തപുരത്ത് നടന്ന സമയത്ത് കേസു നടത്തിപ്പിനായി അക്ഷീണ പരിശ്രമം നടത്തി. വട്ടശ്ശേരിൽ തിരുമേനിയുടെ നിലപാടുകളെ വിമർശിച്ച 'സുറിയാനി സഭ' മാസികയ്ക്കെതിരെ 'കാതോലിക് സഭ' എന്ന മാസിക ആരംഭിച്ചു നടത്തി. ഭരണഘടനാ ഡ്രാഫ്റ്റ് കമ്മിറ്റിയംഗം എന്ന നിലയിൽ എപ്പിസ്ക്കോപ്പസിക്ക് മുൻതൂക്കം കിട്ടുവാൻ പരിശ്രമിച്ചു. 1923-ൽ വട്ടശ്ശേരിൽ തിരുമേനി സഭാ സമാധാന പരിശ്രമങ്ങൾക്കായി മർദീനിലേക്കു നടത്തിയ അതിക്ലേശകരമായ യാത്രയിൽ ഒപ്പമുണ്ടായിരുന്നു. 1920–1930 കളിലെ സഭാപ്രസിദ്ധീകരണങ്ങളിൽ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. 1930–44 കാലത്ത് സഭാ മാനേജിംഗ് കമ്മിറ്റിയംഗമായിരുന്നു. 1934-ൽ രൂപീകരിച്ച പ്രഥമ വർക്കിംഗ് കമ്മിറ്റിയംഗമായി പ്രവർത്തിച്ചു (1934–44). ഗീവർഗീസ് മാർ ഈവാനിയോസ് കത്തോലിക്കാസഭയിൽ ചേർന്ന 1930-കളിൽ 'റോമ്മാ സഭയും റീത്തുകളും' എന്ന ഗ്രന്ഥം രചിച്ചു. 1931-ൽ നടന്ന മൂറോൻ കൂദാശയുടെ പ്രധാന ചുമതല വഹിച്ചു. 1941-ൽ തന്റെ ജന്മഗ്രാമം ആയ തട്ടയിൽ സെന്റ് ജോർജ് പള്ളി സ്ഥാപനം നടത്തി.

സഭാകേസിൽ കാനോൻ വിദഗ്ദ്ധൻ എന്ന നിലയിൽ മൊഴി കൊടുത്തുകൊണ്ടിരിക്കെ കോടതിമുറിയിൽ വച്ച് പക്ഷാഘാതം ഉണ്ടായി. രോഗിയായി കുറച്ചുനാൾ കിടന്നശേഷം തിരുവനന്തപുരത്തു വച്ച് 1944 ജൂൺ 2-നു 69-ാമത്തെ വയസ്സിൽ അന്തരിച്ചു. ഭൗതികദേഹം തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രലിൽ പ. ഗീവർഗീസ് രണ്ടാമൻ ബാവാ, പുത്തൻകാവിൽ കൊച്ചു തിരുമേനി തുടങ്ങിയ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ കബറടക്കി. മക്കൾ: ഒരാണും (സെക്രട്ടറിയേറ്റിൽ ഡപ്യൂട്ടി സെക്രട്ടറി ആയിരുന്നു) നാല് പെണ്ണും.

പാറേട്ട് മാത്യൂസ് കത്തനാർ (മാർ ഈവാനിയോസ് 1889–1980)

പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയപള്ളി ഇടവകാംഗമായ വല്യപാറേട്ട് മാത്യുവിന്റെയും അച്ചാമ്മയുടെയും പുത്രനായി 1889 ജനുവരി 19-ന് ജനിച്ചു. കോട്ടയം എം.ഡി. സെമിനാരിയിൽ സ്കൂൾ വിദ്യാഭ്യാസവും പഴയ സെമിനാരിയിലും കൽക്കട്ട ബിഷപ്സ് കോളജിലും വൈദിക വിദ്യാഭ്യാസവും പൂർത്തിയാക്കി. 1899 ജൂൺ 7-ന് പുതുപ്പള്ളി വലിയ പള്ളിയിൽവച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് കോറൂയോ സ്ഥാനവും 1908 മെയ് 17-ന് യെരുശലേം സെഹിയോൻ മാളികയിൽ വച്ച് യെരുശലേം പാത്രിയർക്കീസ് മ്ശംശോനോ പട്ടവും നൽകി. വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാൻ മേൽപ്പട്ടസ്ഥാനം ഏൽക്കാൻ യെരുശലേമിൽ പോയപ്പോഴാണ് അദ്ദേഹത്തെ അനുഗമിച്ചിരുന്ന ശെമ്മാശ്ശന് മ്ശംശോനോ സ്ഥാനം നൽകിയത്. 1920 ജൂൺ 7-ന് പരുമല സെമിനാരിയിൽവച്ച് വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് കശീശാ സ്ഥാനം നൽകി. പുതുപ്പള്ളി വലിയപള്ളി വികാരിയായി 33 വർഷം സേവനമനുഷ്ഠിച്ചു.

അബ്ദുള്ളായുടെ മുടക്ക്, റീത്ത് പ്രസ്ഥാന സ്ഥാപനം മുതലായ സഭയിലെ പ്രശ്നകലുഷിതമായ കാലത്ത് വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ വലംകൈയായി നിന്നു പ്രവർത്തിച്ചു. രണ്ടു പ്രാവശ്യം മേല്പട്ടസ്ഥാനത്തേക്കു തിരഞ്ഞെടുത്തെങ്കിലും സ്ഥാനമേൽക്കാൻ വിസമ്മതിച്ചു. 1953 മെയ് 11-ന് പ. ഗീവർഗീസ് രണ്ടാമൻ ബാവാ റമ്പാൻ സ്ഥാനം നൽകി. 1953 മെയ് 15-ന് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് എപ്പിസ്കോപ്പായായി വാഴിച്ച് കോട്ടയം ഇടവകയുടെ സഹായമെത്രാനായി നിയമിച്ചു. 1965 മുതൽ കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചു (1965–1980). കോട്ടയം ബസേലിയോസ് കോളജ്, പാമ്പാടി എം.ജി.എം. അഭയഭവൻ മുതലായവയുടെ സ്ഥാപനത്തിന് നേതൃത്വം നൽകി. 1980 ആഗസ്റ്റ് 31-ന് കാലം ചെയ്തു. പാമ്പാടി കുറിയാക്കോസ് ദയറായിൽ കബറടക്കി.

ഫാ. ടി. വി. ജോൺ (1890–1970)

കറുകച്ചാൽ പനയമ്പാല കല്ലക്കടമ്പിൽ തെക്കേക്കര വറുഗീസിന്റെയും അമയന്നൂർ തിരുവാതുക്കൽ മറിയാമ്മയുടെയും പുത്രനായി 1890 ഫെബ്രുവരി 11-നു ജനിച്ചു. മല്ലപ്പള്ളി സ്കൂളിലെ പഠനശേഷം എം. ഡി. സെമിനാരി ഹൈസ്കൂളിൽ ചേർന്നു. ക്ലാസ്സിൽ ഒന്നാമനായി മെട്രിക്കുലേഷൻ പാസ്സായി. ഹെഡ്മാസ്റ്ററായിരുന്ന ഫാ. പി. റ്റി. ഗീവർഗീസ്, ജോണിനെ വട്ടശ്ശേരിൽ തിരുമേനിക്കു പരിചയപ്പെടുത്തി. 1910-ൽ അബ്ദുള്ളാ ബാവാ ശെമ്മാശ പട്ടം നൽകി. മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും പണം മുടക്കി ജോൺ ശെമ്മാശനെ ഉന്നതപഠനത്തിനയച്ചു. 1914-ൽ തിരുച്ചിറപ്പള്ളിയിലെ എസ്.പി.ജി. കോളജിൽ നിന്നും ബി.എ. ബിരുദം നേടി. തുടർന്ന് കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ അദ്ധ്യാപകനായി രണ്ടു വർഷം പ്രവർത്തിച്ചു. 1919-ൽ മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്നും എം.എ. ലഭിച്ചു. 1921-ൽ എൽ.റ്റി. ബിരുദം നേടി.

ഗുണ്ടൂരിലെ ആന്ധ്രാ ക്രിസ്ത്യൻ കോളജിലും മസൂലിപട്ടം നോബിൾ കോളജിലും അദ്ധ്യാപകനായി ജോലി ചെയ്തു. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജ് സ്ഥാപകൻ കെ. സി. ചാക്കോയുടെ ആഗ്രഹപ്രകാരം ഗുണ്ടൂർ കോളജിലെ ജോലി ഉപേക്ഷിച്ച് 1925-ൽ ആലുവാ യു.സി. കോളജിൽ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനായി. സഭയിൽ നിന്നു പഠനത്തിനു ചിലവാക്കിയ പണം മുഴുവനും തിരിച്ചുകൊടുത്ത ശേഷം 1925-ൽ വാളക്കുഴി വാളുവേലിൽ അന്നമ്മയെ വിവാഹം ചെയ്തു. 1927 സെപ്റ്റംബർ 25-നു പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ വൈദികപട്ടം നൽകി. 1946-ൽ മലങ്കര സഭ മാസിക ആരംഭിക്കുവാൻ അന്നത്തെ മലങ്കരസഭാ അസോസിയേഷൻ സെക്രട്ടറിയും ആലുവാ യു.സി. കോളജ് പ്രിൻസിപ്പലുമായിരുന്ന എ. എം. വർക്കിയുമൊത്തു പ്രവർത്തിച്ചു. 1948-ൽ റിട്ടയർ ചെയ്തു. ആലുവാ സെന്റ് തോമസ് ഇടവക സ്ഥാപിക്കുന്നതിൽ മുഖ്യപങ്കു



വഹിച്ചു. പ്രഥമ വികാരിയായി സേവനമനുഷ്ഠിച്ചു.

അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന തന്നെ, തിരുവനന്തപുരത്തു നിന്നും പരിചയപ്പെട്ട് വിളിച്ചു വീട്ടിൽ കൊണ്ടുപോയി താമസിപ്പിച്ച്, ആലുവാ യു.സി. കോളജിൽ അഡ്മിഷൻ വാങ്ങി നൽകി ഫിലോസഫി ക്ലാസ്സിൽ ചേർക്കുകയും ഹൈന്ദവ സന്യാസിയാകാൻ പ്രേരിപ്പിക്കുകയും ചെയ്തത് ജോണച്ചനാണെന്ന് ഗുരു നിത്യചൈതന്യയതി നന്ദിപൂർവ്വം അനുസ്മരി



ച്ചിട്ടുണ്ട്. 1933-34 കാലത്ത് ഇംഗ്ലണ്ടിൽ താമസിച്ച് പഠനം നടത്തി. തുടർന്ന് പാരീസ്, പലസ്തീൻ, റോം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച ശേഷം മടങ്ങി.

അഞ്ചു പുത്രന്മാരും മൂന്നു പുത്രിമാരും. മകൻ ഡോ. അലക്സാണ്ടർ ജോൺ പിതാവിനെക്കുറിച്ചു 'ആലുവായിലെ ജോണച്ചൻ' എന്ന ഗ്രന്ഥം എഴുതിയിട്ടുണ്ട് (ആലുവാ, 2020). 1957 മാർച്ച് 17-നു മലങ്കര കത്തോലിക്കാ സഭയിൽ ചേർന്നു. 1970 ജൂലൈ 20-നു അന്തരിച്ചു. ആലുവാ സെന്റ് ജോൺസ് മലങ്കര കത്തോലിക്കാ പള്ളിയിൽ സംസ്കരിച്ചു.



ചെറിയമഠത്തിൽ സി. ജെ. സ്കറിയാ മല്പാൻ (1894-1952)

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി മല്പാനും പ്രിൻസിപ്പലുമായിരുന്നു. ചെറിയമഠത്തിൽ വലിയ യാക്കോബു കത്തനാരുടെ പുത്രനായി 1894-ൽ (1069 മിഥുനം 12) ജനിച്ചു. കോട്ടയം എം.ഡി. സെമിനാരിയിലെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1914-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശ പട്ടം സ്വീകരിച്ചു. തുടർന്ന് സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ (കൽക്കട്ട) ചേർന്ന് വേദശാസ്ത്രപഠനം പൂർത്തിയാക്കി. 1919-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അദ്ദേഹത്തിന് കശീശ്ശാസ്ഥാനം നൽകുകയും പഴയസെമിനാരിയിൽ അദ്ധ്യാപകനായി നിയമിക്കുകയും ചെയ്തു. സമുദായക്കേസുകൾ മൂലം സെമിനാരി അടച്ചിടപ്പെട്ട കാലത്ത് സ്കറിയാ മല്പാൻ മാങ്ങാനം എബനേസർ ദയറാ സ്ഥാപിച്ച് അവിടെ താമസിച്ചു. 1923-ൽ വട്ടശ്ശേരിൽ തിരുമേനിയോടൊപ്പവും 1934-ൽ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പവും ദമാസ്ക്കസും വിശുദ്ധ നാടുകളും സന്ദർശിച്ചു. 1924-25 വർഷങ്ങളിൽ ബ്രഹ്മവാർ മിഷൻ പ്രവർത്തനങ്ങളിൽ മുഴുകി. വൈദിക സെമിനാരി പുനരാരംഭിച്ചപ്പോൾ അവിടെ അദ്ധ്യാപനവൃത്തി തുടർന്നു. 1943-47 കാലഘട്ടത്തിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. സെമിനാരിയിൽ നിന്ന് വിരമിച്ച ശേഷം മദ്രാസിലും തിരുവനന്തപുരം സെന്റ് ജോർജ് ഇടവകയിലും സേവനമനുഷ്ഠിച്ചു. 1952 മെയ് 11-ന് (1127 മേടം 29) തിരുവനന്തപുരത്തു വച്ച് അന്തരിച്ചു. ഭൗതികദേഹം വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിൽ കബറടക്കി. ഉത്തമനായ ഒരു ദയറാക്കാരൻ, സുറിയാനി ഭാഷാ പ്രവീണൻ, ശ്രേഷ്ഠാദ്ധ്യാപകൻ, ജനഹൃദയം കവർന്ന അജപാലകൻ, കൃത്യനിഷ്ഠയും സത്യസന്ധതയും തികഞ്ഞ ഒരു കർമ്മയോഗി ഇതെല്ലാമായിരുന്നു അദ്ദേഹം.



അഡ്വ. ഇ. ജെ. ജോൺ (1863-1942)

നിരണം ഇലഞ്ഞിക്കൽ ചാക്കോയുടെയും കോട്ടയം കുന്നുംപുറത്തു പ്രശസ്തനായ കുര്യൻ റൈട്ടറുടെ സഹോദരി മറിയാമ്മയുടെയും പുത്രനായി 1863-ൽ ജനിച്ചു. കോട്ടയം അക്കര കുര്യൻ റൈട്ടറുടെ സഹോദരിയാണ് മാതാവ്. മേപ്രാൽ പൂതികോട്ട് കുരുവിളയുടെ പുത്രി അന്നാമ്മയാണ് ഭാര്യ. തിരുവിതാംകൂർ - കൊച്ചി ക്രൈസ്തവ സുറിയാനി മഹാജനസഭയുടെയും പൗരസമത്വവാദ ലീഗിന്റെയും സ്ഥാപകൻ. തിരുവനന്തപുരം ബാറിലെ പ്രമുഖ അഭിഭാഷകനായിരുന്നു. പിന്നീട് തിരുവനന്തപുരം ലോ കോളജിന്റെ പ്രിൻസിപ്പലായി. അവിടെ ഒരു ഇന്ത്യാക്കാരൻ ആദ്യമായി പ്രിൻസിപ്പലാകുന്നത് ജോണിന്റെ നിയമനത്തോടെയാണ്. അഭിഭാഷകനായിരിക്കേ ഹൈക്കോടതിയിൽ നിയമനത്തിന് ക്ഷണം ലഭിച്ചെങ്കിലും അതു നിരസിച്ചു. പൊതുപ്രവർത്തനത്തിലായിരുന്നു താല്പര്യം. സർക്കാർ സർവ്വീസിൽ നസ്രാണികൾക്ക് അർഹതയുള്ള സ്ഥാനം നേടിയെടുക്കാനും രാഷ്ട്രീയാവകാശങ്ങൾക്കു വേണ്ടി പൊതുജനാഭിപ്രായം രൂപീകരിക്കാനുമാണ് സുറിയാനി മഹാജനസഭ അദ്ദേഹം ഉണ്ടാക്കിയത്. ജോൺ വക്കീൽ തന്നെയായിരുന്നു പ്രസിഡന്റ്. സ്റ്റേറ്റ് കോൺഗ്രസിലേക്കും ജനകീയഭരണത്തിലേക്കും കേരള ജനതയെ പ്രബുദ്ധരാക്കി നയിക്കുന്നതിനും മഹാജനസഭ സഹായിച്ചു.

ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യം അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്നും സംരക്ഷിക്കുന്നതിന് ജോൺ വക്കീൽ ഈ വേദിയെ ഉപയോഗിച്ചു. അവർണർക്കു സ്റ്റേറ്റ് സർവീസിലും ഇംപീരിയൽ സർവീസിലും പ്രവേശനം ലഭിക്കുന്നതിന് ജോൺ വക്കീലിന്റെ നേതൃത്വത്തിൽ തുടങ്ങിയ പ്രസ്ഥാനമാണ് പൗരസമത്വവാദ ലീഗ്. ലീഗിന്റെ പ്രക്ഷോഭണം 1920 മാർച്ച് എട്ടിന് തിരുവനന്തപുരം ലണ്ടൻ മിഷൻ ഹാളിൽ ജോൺ വക്കീൽ ഉദ്ഘാടനം ചെയ്തു. അതിനുശേഷമാണ് റവന്യൂ ഡിപ്പാർട്ട്മെന്റിൽ അവർണർക്കു പ്രവേശനം അനുവദിച്ചത്. മലങ്കരസഭയിൽ അന്ത്യോഖ്യൻ കൈകടത്തലിനെ എതിർത്ത പ്രമുഖനാണ്. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയപ്പോൾ ആ മുടക്ക് അന്യായമാണെന്ന് ജോൺ വക്കീൽ വാദിച്ചു. സഭയിലെ സന്ധിയാലോചനകൾക്കും നേതൃത്വം നൽകി. ബഥനി ആശ്രമം സ്ഥാപിക്കാൻ പെരുനാട് മുണ്ടൻമലയിൽ 100 ഏക്കർ സ്ഥലം ദാനം ചെയ്തു. 1942 ഡിസംബർ 14-നു അന്തരിച്ചു. മാതൃഇടവകയായ നിരണം സെന്റ് മേരീസ് വലിയപള്ളിയിൽ കബറടക്കി. മക്കൾ: ഇ. ജോൺ സിറിയക്, ഇ. ജോൺ കുരുവിള (ബാംഗ്ലൂരിലും കുന്നൂരിലും പ്ലാന്ററായിരുന്നു, വ്യവസായിയും), അച്ചാമ്മ മത്തായി, കുഞ്ഞൂഞ്ഞമ്മ ഈപ്പൻ, ഇ. ജോൺ ഫിലിപ്പോസ് (തിരു-കൊച്ചി മന്ത്രിയും സ്റ്റേറ്റ് കോൺഗ്രസ് സ്ഥാപകനേതാവും മുൻ മന്ത്രിയും), ഇ. ജോൺ ജേക്കബ് (കേരള കോൺഗ്രസ് നേതാവും മുൻ മന്ത്രിയും).



കെ. സി. മാമ്മൻ മാപ്പിള (1873-1953)

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ അത്മായ പ്രമുഖൻ, മഹാനായ പത്രാധിപർ, ക്രാന്തദർശിയായ വ്യവസായി, സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ചിന്തകൻ, സംഘാടകൻ, കാർഷിക മേഖലയ്ക്കു പുരോഗതിയുടെ പാത വെട്ടിത്തുറന്ന നേതാവ് എന്നീ നിലകളിലെല്ലാം പ്രബുദ്ധ കേരളത്തിന്റെ വികാസപരിണാമങ്ങളിൽ നിർണ്ണായകസ്വാധീനം ചെലുത്തിയ വ്യക്തി. മലയാള മനോരമ സ്ഥാപകൻ കെ. ഐ. വർഗീസ് മാപ്പിളയുടെ ജ്യേഷ്ഠ സഹോദരനായ കെ. ഐ. ചെറിയാന്റെ പ്രഥമ പുത്രനായി 1873 മെയ് 4-നു ജനിച്ചു.

മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് പ്രശസ്തമായി ബി.എ. പാസ്സായി. കുറെക്കാലം കോട്ടയം എം.ഡി. സ്കൂൾ ഹെഡ്മാസ്റ്ററായി ജോലി നോക്കി. പിന്നീട് മനോരമയുടെ പത്രാധിപത്യവും മുഴുവൻ ഉത്തരവാദിത്തവും ഏറ്റെടുത്തു. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക രംഗങ്ങളിൽ അദ്ദേഹം വഹിച്ച പങ്ക് നിർണ്ണായകമായിരുന്നു. നിയമസഭാരംഗത്തും വ്യക്തിമുദ്ര പതിച്ചു. തിരുവിതാംകൂറിൽ ഉത്തരവാദഭരണം സ്ഥാപിക്കാൻ പോരാടിയവരുടെ ആവേശസ്രോതസ്സായി വർത്തിച്ചു. ശ്രീമൂലം പ്രജാസഭാ മെംബർ ആയിരുന്നു

സി. പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യ ഭരണത്തിനെതിരെ ജനങ്ങളെ അണിനിരത്തുവാൻ മലയാള മനോരമയും മാമ്മൻ മാപ്പിളയും നേതൃത്വം നൽകി. ഇതിൽ ക്രുദ്ധനായ ദിവാൻ, നാഷണൽ ക്വയിലോൺ ബാങ്കിന്റെ പ്രവർത്തനം അസാദ്ധ്യമാക്കിത്തീർത്തു. മാമ്മൻ മാപ്പിളയെയും സഹപ്രവർത്തകരെയും അറസ്റ്റ് ചെയ്തു. മനോരമ ഓഫീസ് 1938 സെപ്റ്റംബർ 10-ന് അടച്ചുപൂട്ടുകയും ചെയ്തു.

മലങ്കരസഭയുടെ പ്രതിസന്ധി ഘട്ടത്തിൽ മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിൽ തിരുമേനിക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടും മലങ്കരസഭാ കാര്യങ്ങളിൽ മെത്രാപ്പോലീത്തായുടെ നിലപാട് ശരിയാണെന്ന് സ്ഥാപിച്ചുകൊണ്ടും മാമ്മൻമാപ്പിള 'മലയാള മനോരമ'യിൽ മുഖപ്രസംഗ രൂപേണയും സ്വന്തം പേരുവച്ചും ഗുപ്തനാമങ്ങൾ സ്വീകരിച്ചും ഇരുനൂറിൽപരം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അദ്ദേഹമെഴുതിയ മുഖപ്രസംഗങ്ങൾ കേസിൽ പരാജിതരായ സഭാമക്കളുടെ ആത്മധൈര്യം വർദ്ധിപ്പിക്കുവാൻ കാരണമായി. ഏത് ആപത്തിലും കൂസാത്ത സിംഹഹൃദയനായ മാമ്മൻ മാപ്പിള വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കാതെ മനോരമയിൽ എഴുതിയ ഒരു മുഖപ്രസംഗം വിദ്യാഭ്യാസ ഡയറക്ടറായിരുന്ന കെ. വി. രങ്കസ്വാമി അയ്യങ്കാരെ ക്രൂദ്ധനാക്കി. 'സുറിയാനി സഭാ സംരക്ഷകൻ' എന്നൊരു പത്രികയും മനോരമ പ്രസ്സിൽ നിന്ന് മലങ്കര സഭാകാര്യങ്ങൾക്കു മാത്രമായി പ്രസിദ്ധപ്പെടുത്തിയിരുന്നു. സമുദായക്കേസിൽ സാക്ഷിയായി പല പ്രാവശ്യം മൊഴി കൊടുത്തിട്ടുണ്ട്.

1951-ൽ സമുദായക്കേസ് കാതോലിക്കാ ഭാഗത്തിനു പ്രതികൂലമായി ഹൈക്കോടതിയിൽ നിന്നു വിധിയുണ്ടായി. പഴയസെമിനാരി മുതലായ സഭാകേന്ദ്രങ്ങൾ ഓർത്തഡോക്സ് സഭയ്ക്കു നഷ്ടപ്പെടുമെന്ന ഒരു സ്ഥിതി സംജാതമായപ്പോൾ തന്റെ പ്രായാധിക്യത്തെ പോലും വകവെയ്ക്കാതെ മാമ്മൻ മാപ്പിള ഏതാനും പേരും ഒന്നിച്ച് ഒരാഴ്ച കൊണ്ട് ഒന്നര ലക്ഷം രൂപാ സമാഹരിച്ച് ദേവലോകം അരമന കെട്ടിടവും സ്ഥലവും മലങ്കര സഭാദ്ധ്യക്ഷനു താമസിക്കുവാൻ വേണ്ടി വാങ്ങിച്ചു എന്നത് മലങ്കര സഭയ്ക്ക് ഒരിക്കലും മറക്കാനാകാത്ത സംഭവമാണ്. 1953 ഡിസംബർ 31-ന് അന്തരിച്ചു. കോട്ടയം പുത്തൻപള്ളിയിൽ കബറടക്കി.

എ. എം. വർക്കി (1892-1944)

വിദ്യാഭ്യാസ വിചക്ഷണനും അല്മായ പ്രമുഖനും ദൈവശാസ്ത്രജ്ഞനും. മാവേലിക്കര പുതിയകാവ് ഇടവകയിൽ ആലിന്റെ തെക്കേതിൽ മാത്യുവിന്റെ പുത്രനായി 1892 ജനുവരി 27-നു ജനിച്ചു. ഫസ്റ്റ് ക്ലാസ്സോടെ മെട്രിക്കുലേഷനും എഫ്.എ. പരീക്ഷയും പാസ്സായി. ബി.എ. പരീക്ഷയിൽ ഡബിൾ ഫസ്റ്റ് ക്ലാസ്സും എം.എ. യ്ക്ക് ഉയർന്ന സെക്കന്റ് ക്ലാസ്സും നേടി. എഫ്.എൽ., ബി.എൽ. പരീക്ഷകളിൽ ഒന്നാം ക്ലാസ്സും ഒന്നാം റാങ്കും കരസ്ഥമാക്കി. തിരുവല്ല എം.ജി.എം. ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചതിനു ശേഷം 1919-ൽ കൊല്ലം ജില്ലാക്കോടതിയിൽ വക്കീലായി ജോലിയാരംഭിച്ചു.

വിദ്യാദാനത്തിന്റെ ശ്രേഷ്ഠതയറിഞ്ഞ ഇദ്ദേഹം ആലുവാ യു.സി. കോളജിന്റെ പ്രഥമ പ്രിൻസിപ്പലായി 29-ാം വയസ്സിൽ ചുമതലയേറ്റെടുത്തു. യു.സി. കോളജിനെ ഫസ്റ്റ് ഗ്രേഡ് റസിഡൻഷ്യൽ കോളജായി ഉയർത്തുന്നതിൽ സുപ്രധാനമായ പങ്കു വഹിച്ചു. 21 വർഷം പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. പിന്നീട് മദ്രാസ് താംബരം കോളജിൽ വിസിറ്റിംഗ് പ്രൊഫസറായി പ്രവർത്തിച്ചു. ആലുവാ മുനിസിപ്പൽ ചെയർമാനായിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയെക്കുറിച്ച് ഭാരതത്തിനു പുറത്തു പോയി ആദ്യമായി പ്രഭാഷണം നടത്തിയ വ്യക്തികളിൽ ഒരാളാണ്. 1932-ൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ഫെലോഷിപ്പിൽ അംഗമായി ഇംഗ്ലണ്ട് സന്ദർശിച്ച അവസരത്തിലാണ് ഈ ഭാഗ്യം ഇദ്ദേഹത്തിനു സിദ്ധിച്ചത്.

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ പ്രവർത്തനങ്ങൾ പുതുക്കുന്നതിനും പുനഃക്രമീകരണങ്ങൾക്കും തുടക്കമിട്ട 'ഫോർവേഡ് മൂവ്മെന്റിന്റെ' പ്രമുഖ പ്രവർത്തകനായിരുന്നു. ഫാ. കെ. ഫീലിപ്പോസും (ഡോ. തെയോഫിലോസ്) എ. എം. വർക്കിയും ഉത്സാഹിച്ചാണ് പഴയസെമിനാരിയിൽ നിലച്ചുപോയ വൈദിക വിദ്യാഭ്യാസം 1940-കളിൽ എം.ഡി. സെമിനാരിയിൽ പുനരാരംഭിച്ചത്. 1942 മുതൽ 1943 വരെ മലങ്കര ഓർത്തഡോക്സ് സഭയുടെ ഓണററി സെക്രട്ടറിയായി ഇദ്ദേഹം സേവനമനുഷ്ഠിച്ചു. സഭാ ആസ്ഥാനത്തെ കാര്യങ്ങളുടെ നടത്തിപ്പിനെ നവീനരീതികളിലേക്കു കൊണ്ടുവരുന്നതിൽ മുഖ്യപങ്കു വഹിച്ചു. 'മലങ്കര സഭാ' മാസികയുടെ രൂപീകരണത്തിന് നേതൃത്വം നൽകി. സഭാസമാധാനത്തിനായി മലങ്കരസഭയിലെ പള്ളിപ്രതിപുരുഷന്മാർ ഒന്നിച്ചുകൂടിയ 'ആലുവാ പള്ളി പ്രതിപുരുഷയോഗ'ത്തിന്റെ പ്രധാന ശില്പികളിലൊരാളായിരുന്നു. വ്യത്യസ്ത ക്രൈസ്തവ വിഭാഗങ്ങൾക്ക് പുനഃസമാഗമനത്തിനുള്ള വേദി ഒരുക്കുവാൻ മൂന്നു സമ്മേളനങ്ങൾ സി. പി. മാത്തനുമായി സഹകരിച്ച് സംഘടിപ്പിച്ചു. 1944 ജൂൺ 5-ന് നിര്യാതനായി. നിരണം വീയപുരത്തു പുരയ്ക്കൽ ശോശാമ്മയായിരുന്നു ആദ്യ ഭാര്യ. മക്കൾ മൂന്നാണും രണ്ടു പെണ്ണും. ശോശാമ്മയുടെ മരണത്തെ തുടർന്ന് മന്ത്രി കെ. സി. ജോർജിന്റെ സഹോദരി പ്രൊഫ. അന്നമ്മയെ വിവാഹം ചെയ്തു.



ടി. ജോസഫ് മേമന

കോട്ടയം ഭദ്രാസനത്തിലെ നിലയ്ക്കൽ ഇടവകാംഗം പുതുപ്പള്ളി മേമന കുരുവിള തൊമ്മന്റെ പുത്രൻ. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നു ബി.എ. ബിരുദം നേടിയശേഷം തിരുവിതാംകൂർ ഗവൺമെന്റ് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. നീതിനിഷ്ഠയും സത്യസന്ധതയും മൂലം ജോലിയിൽ ഉയർച്ച പ്രാപിച്ചു. കുറച്ചുകാലം തിരുവിതാംകൂർ അഞ്ചൽ സൂപ്രണ്ടായിരുന്നു (ഇന്നത്തെ കേരള പോസ്റ്റ്മാസ്റ്റർ ജനറലിനു തുല്യമായ സ്ഥാനം). ട്രഷറി സൂപ്രണ്ടായും പ്രവർത്തിച്ചു. എഴുത്തുകാരനായിരുന്നു അദ്ദേഹം. എന്നാൽ സർക്കാർ ഉദ്യോഗസ്ഥർക്ക് സ്വന്തം പേരിൽ ലേഖനങ്ങളെഴുതാൻ അനുവാദമില്ലാതിരുന്നതിനാൽ 'ചരിത്രാന്വേഷി' എന്ന തൂലികാനാമത്തിലാണ് എഴുതിയിരുന്നത്. 'പൗരപ്രഭ', 'പൗരദ്ധ്വനി' തുടങ്ങിയ പത്രങ്ങളിൽ ഈ പേരിൽ ചരിത്രസംബന്ധമായ ലേഖനങ്ങളെഴുതിയിരുന്നു.

പെൻഷൻ പറ്റിയ ശേഷം ജീവിതം പൊതുജനസേവനത്തിനായി നീക്കിവെച്ചു. ഇക്കാലത്ത് മുണ്ടകപ്പാടത്ത് ഒരു കോ-ഓപ്പറേറ്റീവ് സ്റ്റോർ തുടങ്ങി. വളരെക്കാലം അതു ഭംഗിയായി നടന്നു. രണ്ടാം ലോകമഹാ യുദ്ധകാലത്ത് ഈ സഹകരണസംഘം പൊതുജനങ്ങൾക്ക് വളരെ പ്രയോജനപ്രദമായിത്തീർന്നു. ഒരു നിയമോപദേഷ്ടാവായിരുന്ന റ്റി. ജോസഫ് നിലയ്ക്കൽ പള്ളിക്കും മുണ്ടകപ്പാടം അഗതി മന്ദിരത്തിനും ഓരോ ഭരണഘടന എഴുതിക്കൊടുത്തിരുന്നു. കൂടാതെ ചേരമാൻ മകുടം എന്ന ചരിത്ര ആഖ്യായികയും

ബാരിസ്റ്റർ ജോർജ്ജ് എന്ന നാടകവും ഇദ്ദേഹത്തിന്റെ രചനകളാണ്. മൂന്നു പുത്രന്മാരും മൂന്ന് പുത്രിമാരുമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മൂത്ത പുത്രന്മാർ രണ്ടുപേരും ചെറുപ്പത്തിൽ തന്നെ മരിച്ചു പോയി. പുത്രിമാർ അന്നമ്മ ബി.എ., പൊന്നമ്മ ബി.എ., കുഞ്ഞമ്മ എന്നിവരാണ്. റ്റി. ജോസഫ് 1119 കന്നി മാസത്തിൽ അന്തരിച്ചു. ഇദ്ദേഹത്തിന്റെ ഇളയ പുത്രനായ രാജൻ ജോസഫ് കൊച്ചിൻ യൂണിവേഴ് സിറ്റിയിൽ അസിസ്റ്റന്റ് റജിസ്ട്രാറായിരുന്നു.

മലങ്കരസഭാ ഭരണഘടനയ്ക്ക് വിധേയമായി 'പുതുപ്പള്ളി നിലയ്ക്കൽ പള്ളിയുടെ ഭരണ വ്യവസ്ഥകളും യോഗനടപടിക്രമവും' തയ്യാറാക്കിയത് ടി. ജോസഫാണ്. 1939-ൽ കോട്ടയം മലങ്കര സിറിയൻ പ്രസിൽ അച്ചടിച്ച ഈ ഉപ നിയമാവലി ഇടവകാംഗങ്ങൾക്ക് വിതരണം ചെയ്തിരുന്നു. ഏഴംഗ ഉപസമിതിയും വികാരിമാരും പള്ളി പൊതുയോഗവും പല തവണ ചർച്ച ചെയ്ത് അംഗീകരിച്ച ഈ ഉപ നിയമാവലി ആധുനിക കാലത്തും ഏതു ജനാധിപത്യ പ്രസ്ഥാനത്തിനും മാതൃകയാക്കാവുന്നതാണ്. അധ്യക്ഷനും പൊതുയോഗത്തിൽ പങ്കെടുക്കുന്നവർക്കുമുള്ള അധികാരങ്ങൾ, അവകാശങ്ങൾ, കടമകൾ, ചുമതലകൾ, യോഗനടത്തിപ്പിന്റെ ക്രമവും ചിട്ടയും ഇവയെല്ലാം നടപടിക്രമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അന്തസ്സുറ്റ രീതിയിൽ പ്രതിപക്ഷ ബഹുമാനത്തോടെ യോഗാംഗങ്ങൾ പെരുമാറേണ്ടതെങ്ങനെ, പ്രമേയങ്ങൾ അവതരിപ്പിക്കേണ്ട വിധം, പ്രമേയത്തിന്റെ അവസരം, പോയിന്റ് ഓഫ് ഓർഡർ എങ്ങനെ ഉന്നയിക്കാം, ക്ലോഷർ മോഷന്റെ സന്ദർഭം, പോളിങ് എങ്ങനെ നടത്തണം, കാസ്റ്റിങ് വോട്ട് എപ്പോൾ ചെയ്യാം ഇവയെല്ലാം നിയമാവലിയിൽ പറയുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കും മുമ്പ് പൂർണ ജനായത്ത ഭരണ രീതികൾ ഒരു സ്വപ്നം മാത്രമായിരുന്ന കാലത്താണ് ഈ നിയമാവലി എഴുതി ചർച്ച ചെയ്ത് ഇടവകയോഗം പാസ്സാക്കിയത് എന്നതു പൂർവികരുടെ ദീർഘവീക്ഷണത്തിനു നിദർശനമാണ്.

പത്രോസ് മത്തായി (1880–1944)

മലങ്കര നസ്രാണികളിൽ നിന്ന് ആദ്യമായി നേരിട്ടു മുൻസിഫ് നിയമനം ലഭിച്ച ഒളശ്ശ മഞ്ചയിൽ തോമസ് മത്തായി മുൻസിഫിന്റെ പുത്രനാണ് പത്രോസ് മത്തായി. മത്തായി മുൻസിഫും സഭാ മാനേജിംഗ് കമ്മറ്റി മെമ്പറും ആയിരുന്നു. 1880-ൽ ജനിച്ച പത്രോസ് മത്തായി 1902-ൽ മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ഒന്നാം ക്ലാസ്സിൽ എം.എ. പാസ്സായപ്പോൾ സമുദായത്തിലെ പ്രഥമ എം.എ. ക്കാരൻ എന്ന ബഹുമതി അദ്ദേഹത്തിനു ലഭിച്ചു. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ സമുദായത്തിൽ നിന്നു കീർത്തി മുദ്രയുള്ള മെഡൽ സമ്മാനിച്ച് പത്രോസ് മത്തായിയെ ആദരിക്കുകയുണ്ടായി. പിന്നീടു തിരുവനന്തപുരം ലോ കോളജിൽ നിന്നും ബി.എൽ. ബിരുദം നേടി. അവിടുത്തെ ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. അതോടൊപ്പം ലോ കോളജിൽ പഠിപ്പിച്ച അദ്ദേഹം പിന്നീട് ലോ കോളജ് പ്രിൻസിപ്പലായി.

തുമ്പമൺ ഭദ്രാസനയോഗവും 1930-ൽ കൂടിയ മലങ്കര അസോസിയേഷനും മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുത്തു. മെത്രാൻസ്ഥാനം ഏൽപ്പാനുള്ള സമ്മർദ്ദമേറിയപ്പോൾ അതിനെ അതിജീവിക്കാൻ 49-ാം വയസ്സിൽ വിവാഹിതനായി. സമുദായക്കേസിൽ ഓർത്തഡോക്സ് വിഭാഗത്തിനു വിശിഷ്യ വട്ടശ്ശേരിൽ തിരുമേനിക്കു വളരെയധികം നിയമോപദേശങ്ങൾ നൽകി സഹായിച്ചു. കോട്ടയം ജില്ലാക്കോടതിയിൽ സമുദായ കേസ് നടക്കുമ്പോഴും ജനാധിപത്യ ഭരണ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ സഭാഭരണഘടന തയ്യാറാക്കുമ്പോഴും പത്രോസ് മത്തായി നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. സഭാ മാനേജിംഗ് കമ്മിറ്റി അംഗം, യൂത്ത് ലീഗ് പ്രസിഡന്റ് തുടങ്ങിയ നിലകളിലും സഭാ സേവനം അനുഷ്ഠിച്ച അദ്ദേഹം 1944-ൽ 64-ാമത്തെ വയസ്സിൽ നിര്യാതനാകുകയും പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ സെമിത്തേരിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. ഭാര്യ കുഞ്ഞന്നാമ്മ മാവേലിക്കര പടിഞ്ഞാറേതലക്കൽ ഇടിച്ചാണ്ടിയുടെ പുത്രിയാണ്. ഏഴു മക്കൾ. ഉന്നതനിലയിൽ ഔദ്യോഗിക ജീവിതം പൂർത്തിയാക്കിയ അവരിൽ പലരും വലിയ സഭാസ്നേഹികളായിരുന്നു.



പി. ജേക്കബ് കുര്യൻ, മാവേലിക്കര (1884–1950)

അനുഗൃഹീത വാഗ്മി, പ്രതിഭാസമ്പന്നനായ പത്രാധിപർ, സാഹിത്യകാരൻ, മലങ്കരസഭയുടെ പ്രമുഖനായ അത്മായ നേതാവ്, പ്രശസ്തനായ പൗരസേവകൻ, നിസ്തുലനായ 'പ്രജാസഭാ' സാമാജികൻ എന്നീ നിലകളിൽ പ്രശോഭിച്ച വ്യക്തി. മാവേലിക്കര പടിഞ്ഞാറേതലയ്ക്കൽ കുടുംബത്തിൽ കൊച്ചുചാക്കോ തരകന്റെ പുത്രനായി 1884 മാർച്ച് 12-നു ജനിച്ചു. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ നിന്ന് മെട്രിക്കുലേഷൻ കഴിഞ്ഞ് പത്രപ്രവർത്തനത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. 'സാരസാഗരം' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിച്ചു നടത്തി. പതിനേഴാമത്തെ വയസിൽ ശ്രീമൂലം പ്രജാസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. നിരവധി തവണ തുടർച്ചയായി പ്രജാസഭ മെമ്പറായിരുന്നു. പ്രജാ സഭയിലെ ഏറ്റവും പ്രായംകുറഞ്ഞ അംഗമായിരുന്ന അദ്ദേഹത്തിന്റെ ഉജ്ജ്വല പ്രഭാഷണങ്ങൾ സഭാവേദിയെ കിടിലം കൊള്ളിക്കുന്നവയായിരുന്നു. രാഷ്ട്രീയമായും സാമുദായികമായും ക്രൈസ്തവജനത ഉയർന്ന് തിരുവിതാംകൂറിലെ ശക്തിയുള്ള പ്രജാസമൂഹമായി തീരുവാനും, ജനസംഖ്യാനുപാതികമായി സർക്കാരുദ്യോഗങ്ങളിൽ ക്രൈസ്തവർക്കു സ്ഥാനം കിട്ടുവാനും വേണ്ടി അദ്ദേഹം പോരാടി. 1914-ൽ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച 'കേരളാഭിമാനി'ക്ക് രാജ്യത്തുടനീളം പ്രചാരം ലഭിച്ചു. അതിലെ മുഖപ്രസംഗങ്ങൾ ഓരോന്നും ഗവണ്മെന്റിന്റെ ഗൗരവമേറിയ പരിഗണന അർഹിക്കുന്നതായിരുന്നു. തിരുവിതാംകൂറിൽ 1917-ൽ ആരംഭിച്ച പൗരസമത്വവാദ പ്രക്ഷോഭണത്തിന് നടുനായകത്വം വഹിച്ചത് ഇദ്ദേഹമാണ്. 1928-ൽ രൂപം കൊണ്ട 'കേരള ക്രൈസ്തവ സേവകസമിതി'യുടെ സ്ഥാപക സെക്രട്ടറി, സമിതിയുടെ മുഖപത്രമായ 'കേരളസേവകൻ' എന്ന പത്രത്തിന്റെ പത്രാധിപർ, സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. സഭാചരിത്ര പണ്ഡിതനും പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന്റെ ധീരനായ കാവൽഭടനുമായിരുന്ന അദ്ദേഹം സഭാ മാനേജിംഗ് കമ്മിറ്റി അംഗമായി ആയുഷ്ക്കാലം മുഴുവൻ സേവനമനുഷ്ഠിച്ചു. 'കുഞ്ഞന്നാമ്മ' എന്ന പേരിൽ ഒരു ക്രിസ്തീയ സാമൂഹിക സംഗീതനാടകം രചിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ സഹോദരപുത്രനാണ് പ്രശസ്തനായ ഡോ. പി. സി. അലക്സാണ്ടർ. 1950 ജൂൺ 26-നു അന്തരിച്ചു. മാവേലിക്കര സെന്റ് മേരീസ് കത്തീഡ്രലിൽ കബറടക്കി.

അഡ്വ. ഇ. ജെ. ഫീലിപ്പോസ്

നിരണം ഇലഞ്ഞിക്കൽ പെരുമാൾ ചാക്കോയുടെയും കോട്ടയം കൊച്ചുപുരയ്ക്കൽ ഉതുപ്പു മുതൽപിടിക്കാരന്റെ മകൾ അന്നമ്മയുടെയും മകൻ. ഇ. ജെ. ജോൺ വക്കീലിന്റെ സഹോദരപൗത്രനും ഇ. ജെ. ഉതുപ്പിന്റെ ഇളയ സഹോദരനുമാണ്. ഇ. ജെ. പീലിപ്പോസും ഇ. ജെ. ഉതുപ്പും സി. ജെ. കുര്യന്റെ ഭാര്യാസഹോദരീപുത്രന്മാരായിരുന്നു. ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ നിന്നും ഇന്റർമീഡിയറ്റ് വിദ്യാഭ്യാസത്തിനുശേഷം മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്നും ബിരുദവും മദ്രാസ് ലോകോളജിൽ നിന്നു നിയമബിരുദവും നേടി.

ഇ. ജെ. ഫീലിപ്പോസിന്റെ മദ്രാസിലെ പഠനകാലത്ത് അദ്ദേഹത്തോടൊപ്പം അവിടെ പഠിച്ചിരുന്ന വിദ്യാർത്ഥികളായിരുന്ന കെ. സി. ചാക്കോ, എ. എ. പോൾ മുതലായവരുടെ മനസ്സിൽ ഉദിച്ച ഒരു ആശയമാണ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനു കാരണമായത്. ഈ വിദ്യാർത്ഥികളുടെ ആശയം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം 1908 ജനുവരിയിൽ തിരുവല്ലാ ബാലികാമഠം ഹൈസ്കൂളിൽ വച്ച് 300-ലധികം വിദ്യാർത്ഥികൾ പങ്കെടുത്ത ആദ്യത്തെ സിറിയൻ സ്റ്റുഡന്റ്സ് കോൺഫറൻസ് റമ്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് മല്പാന്റെ അദ്ധ്യക്ഷതയിൽ കൂടുകയും ഉണ്ടായി. ഇത് സഭയുടെ ആത്മീയ പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ വലിയൊരു ചുവടുവയ്പായിരുന്നു. ഈ കോൺഫറൻസ് ആണ് പിൽക്കാലത്ത് എം.ജി.ഒ.സി.എസ്.എം. എന്ന വലിയ ആത്മീയപ്രസ്ഥാനമായി വളർന്ന് രൂപാന്തരപ്പെട്ടത്. ആദ്യത്തെ ജനറൽ സെക്രട്ടറി എന്ന നിലയിൽ ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഇ. ജെ. ഫീലിപ്പോസ് നിസ്തുലമായ സംഭാവനയാണ് നൽകിയിട്ടുള്ളത്.

വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് തിരുമേനിയുടെ പ്രധാന ആലോചനക്കാരിൽ ഒരാളായിരുന്ന ഇദ്ദേഹമാണ് വട്ടിപ്പണക്കേസിൽ കാതോലിക്കാഭാഗത്തിനു വേണ്ടി തിരുവനന്തപുരം ജില്ലാക്കോടതിയിലും ഹൈക്കോടതിയിലും കേസു വാദിക്കുകയും പിന്നീട് വട്ടിപ്പണത്തിന്റെ പലിശ വാങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തത്. ജില്ലാക്കോടതിയിലും തുടർന്ന് ഹൈക്കോടതിയിലും മറ്റു സീനിയർ വക്കീലന്മാർ വാദിക്കുന്നതിനുണ്ടായിരുന്നെങ്കിലും അവരെ കേസു പഠിപ്പിക്കുന്ന ചുമതല ഫീലിപ്പോസ് തന്നെയാണ് നിർവ്വഹിച്ചത്. രണ്ടു പ്രാവശ്യം ഹൈക്കോടതിയിൽ കേസു വാദിക്കാൻ മദ്രാസിൽ നിന്നും പ്രഗൽഭരായ വക്കീലന്മാരെ വരുത്തി കേസു പഠിപ്പിച്ചു വാദം നടത്തിയും അതിനാവശ്യമായ എല്ലാ കാര്യങ്ങളും ഫീലിപ്പോസ് തന്നെയാണ് ചെയ്തത്. മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയംഗമായിരുന്നു. മലങ്കരസഭാ ഭരണഘടനയുടെ ശില്പികളിൽ പ്രമുഖനാണ്.

പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാലത്ത് കോട്ടയം ജില്ലാക്കോടതിയിൽ 'സമുദായക്കേസ്' എന്ന പേരിൽ ഒരു കേസ് ഉണ്ടായപ്പോൾ ആ കേസിന്റെ ആലോചനകൾക്കായി കോട്ടയത്തു പലപ്പോഴും വന്നുകൊണ്ടിരുന്നു. കോട്ടയം ജില്ലാ കോടതിയിൽ കാതോലിക്കാ ബാവായ്ക്ക് അനുകൂലമായി 1943-ൽ വിധിച്ചു എങ്കിലും എതിർ കക്ഷികൾ ഹൈക്കോടതിയിൽ അപ്പീൽ നൽകി. ഹൈക്കോടതിയിൽ ഈ കേസ് ഇ. ജെ. ഫീലിപ്പോസിന്റെ ചുമതലയിൽ ആയി. കേസുകൾ എല്ലാം തീരുവാൻ ആവശ്യമായ നടപടികളും മദ്രാസിൽ നിന്ന് പ്രസിദ്ധരായ വക്കീലന്മാരെ ഏർപ്പാടു ചെയ്യുവാനും മറ്റും വേണ്ടതു ഫീലിപ്പോസിന്റെ നേതൃത്വത്തിൽ നടന്നു. കേസ് കാതോലിക്കാ ബാവായ്ക്കു പ്രതികൂലമായി വന്നു. ആ വിധിയിന്മേൽറിവ്യൂ ഹർജ്ജി ഫയൽ ചെയ്തു. റിവ്യൂ അനുവദിച്ച് ഉത്തരവായി. അതനുസരിച്ച് കേരള ഹേക്കോടതിയിൽ വാദം തുടങ്ങി. ആ വാദത്തിന് പ്രശസ്തനായ അഭിഭാഷകൻ എം. കെ. നമ്പ്യാരെ ഏർപ്പാടു ചെയ്ത് കേസു പഠിപ്പിച്ചത് ഇ. ജെ. ഫീലിപ്പോസായിരുന്നു. ഈ കേസിലെ വിധി പ്രതികൂലമാകയാൽ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. 1958-ൽ അപ്പീൽ കാതോലിക്കാ ബാവായ്ക്ക് അനുകൂലമായി അനുവദിച്ച് വിധിയുണ്ടാവുകയും ആ വിധിയുടെ അടിസ്ഥാനത്തിൽ 1958 ഡിസംബർ 16-ന് സഭയിൽ സമാധാനം ഉണ്ടാവുകയും ചെയ്തു.

സമുദായക്കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടു വക്കീലന്മാരെ ഏർപ്പാടു ചെയ്യുവാനും അവരെ കേസു പഠിപ്പിക്കുവാനും മറ്റും മദ്രാസ്, ബോംബെ, ഡൽഹി മുതലായ സ്ഥലങ്ങളിൽ ഇ. ജെ. ഫീലിപ്പോസിന് 1920 മുതൽ പല തവണ യാത്ര ചെയ്യേണ്ടതായി വന്നിട്ടുണ്ട്. ആരോഗ്യവും ശരീരസുഖവും കണക്കിലെടുക്കാതെ സമുദായസേവനത്തെ അദ്ദേഹം കൂടുതൽ വിലമതിച്ചിരുന്നു. സമുദായത്തിന്റെ എല്ലാ ആവശ്യങ്ങളിലും അദ്ദേഹത്തിന്റെ സേവനം ഉണ്ടായിരുന്നു. 1934-ൽ മലങ്കര അസ്സോസിയേഷൻ പാസ്സാക്കിയതും സുപ്രീംകോടതി അംഗീകരിച്ചതുമായ മലങ്കര സഭാഭരണഘടനയുടെ സ്രഷ്ടാക്കളിൽ പ്രമുഖനാണ്.

വർഷങ്ങളോളം നിരണം സെന്റ് മേരീസ് ഹൈസ്കൂളിന്റെ മാനേജർ ആയിരുന്നു. തിരുവിതാംകൂർ സർക്കാരിന്റെ ആദ്യത്തെ അക്കൗണ്ടന്റ് ജനറൽസ് ഓഫീസിൽ ട്രസ്റ്റി ആയി അഞ്ചു വർഷം സേവനം അനുഷ്ഠിച്ചു.

തിരുവല്ലാ കണ്ടത്തിൽ കെ. വി. ഈപ്പൻ വക്കീലിന്റെ മകൾ സാറാമ്മയായിരുന്നു സഹധർമ്മിണി. മൂന്നു പെൺമക്കളും മൂന്ന് ആൺമക്കളും. മകൻ ഇ. പി. ഈപ്പൻ തിരുവനന്തപുരം മുൻ മേയറും മുൻ എം.എൽ.എ. യും ആയിരുന്നു. രണ്ടാമത്തെ മകൻ വ്യവസായിയും കൃഷി കാര്യങ്ങളിൽ തല്പരനും ആയിരുന്നു.

സഭാ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്തുകൊണ്ടിരുന്നെങ്കിലും അദ്ദേഹം സഭയിൽ സമാധാനം ഉണ്ടായിക്കാണുവാൻ അതിയായി ആഗ്രഹിച്ചിരുന്നു. 1958-ലെ സുപ്രീംകോടതി വിധിക്കുശേഷം ഡിസംബർ 16-ന് സഭയിൽ സമാധാനം ഉണ്ടായത് കാണുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. 1961 മെയ് 3-ന് അന്തരിച്ചു. തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളിവക പാറ്റൂർ സെമിത്തേരിയിൽ കബറടക്കി.

കെ. റ്റി. മാത്യു (1895–1946)

കോലടി വടക്കൂട്ട് താവൂവിന്റെ പുത്രനായി കെ. റ്റി. മാത്യു 1895 നവംബർ 13-നു ജനിച്ചു. ആർത്താറ്റ് കുന്നംകുളം ഇടവകാംഗമായിരുന്നു. പഴയ കൊച്ചിരാജ്യത്ത് ആദ്യമായി ലെജിസ്ലേറ്റീവ് കൗൺസിൽ നിലവിൽ വന്നപ്പോൾ രണ്ടു തവണ പ്രതിനിധിയായി. ഇദ്ദേഹം 1944-ൽ സ്ഥാപിച്ച അന്ധബധിരമൂക വിദ്യാലയം കേരളത്തിൽ അപ്രകാരമുള്ള ആദ്യ സംരംഭമാണ്. 1946 മാർച്ച് 16-ന് അന്തരിച്ചു.



സി. റ്റി. ഈപ്പൻ (ഫാ. ഡോ. സി. റ്റി. ഈപ്പൻ: 1895–1977)

പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനും എക്യുമെനിക്കൽ വക്താവും വേദശാസ്ത്രജ്ഞനും എഴുത്തുകാരനും ദാർശനികനും.

അടൂർ നെല്ലിമൂട്ടിൽ ചാവടിയിൽ തോമസ് മുതലാളിയുടെയും ഏലിയാമ്മയുടെയും മകനായി 1895 മാർച്ച് 25–ന് ജനനം. തിരുവല്ല എം.ജി.എം. ഹൈസ്കൂൾ, സെറാമ്പൂർ കോളജ്, അമേരിക്കയിലെ ജനറൽ തിയോളജിക്കൽ സെമിനാരി, ചിക്കാഗോ സർവ്വകലാശാല, ഓക്സ്ഫഡ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠിച്ച് MA, STM, Ph.D ബിരുദങ്ങൾ കരസ്ഥമാക്കി. മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തുവെങ്കിലും സ്വയം പിന്മാറി. ഗ്രാമീണ ജനതയുടെ സാമൂഹിക, സാംസ്കാരിക വിദ്യാഭ്യാസ മുന്നേറ്റം ലക്ഷ്യമാക്കി ശാസ്താംകോട്ട കായലിന്റെ പ്രശാന്തമായ തീരത്ത് റെസിഡൻഷ്യൽ ഹൈസ്കൂൾ ആരംഭിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം, കോട്ടയം ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ, ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. പത്തനാപുരം മൗണ്ട് താബോർ ദയറാ, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് എന്നിവയുടെ സ്ഥാപനത്തിൽ നിർണ്ണായക പങ്കാളിത്തം വഹിച്ചു. മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് 1954–ൽ ഇവാൻസ്റ്റണിൽ നടന്ന WCC അസംബ്ലിയിലും 1963–ലെ രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിരീക്ഷകനായും പങ്കെടുത്തു. യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് മാർഗ്ഗദർശനം പകർന്ന അച്ചൻ ഓർത്തഡോക്സ് സ്റ്റുഡന്റ്സ് കോൺഫ്രൻസിന്റെ പ്രഥമ ജനറൽ സെക്രട്ടറിയായിരുന്നു. ഭാരതത്തിലും വിദേശത്തുമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും വിസിറ്റിംഗ് പ്രൊഫസറായും സേവനം അനുഷ്ഠിച്ചു.

ഓറിയന്റൽ-ബൈസെന്റയിൻ ഓർത്തഡോക്സ് സഭകളുടെ സഭാന്തര സംഭാഷണങ്ങൾക്ക് മുഖ്യ നേതൃത്വം നല്കി. എക്യുമെനിക്കൽ ദർശനവും മലങ്കര ഓർത്തഡോക്സ് സഭാ വിശ്വാസവും സമന്വയിപ്പിച്ച് പ്രസിദ്ധീകരിച്ച The Star of the East എന്ന എക്യുമെനിക്കൽ ജേർണലിന്റെ സ്ഥാപകനും ചീഫ് എഡിറ്ററും ശാസ്താംകോട്ട ഡോ. സി.റ്റി. ഈപ്പൻ ട്രസ്റ്റ് സ്ഥാപക ട്രസ്റ്റിയുമായിരുന്നു. 1977 ഏപ്രിൽ 1–ന് ദിവംഗതനായി.

എം. എ. ചാക്കോ (1870–1941)

മലങ്കര ഓർത്തഡോക്സ് സഭയിലെ അത്മായ നേതാക്കന്മാരിൽ പ്രമുഖനായിരുന്നു. കൊച്ചി സംസ്ഥാനത്തു അയ്യമ്പിള്ളി മഴുവഞ്ചേരിപ്പറമ്പത്ത് അവിരയുടെയും ചെറായി ചക്കരക്കടവിൽ മഴുവഞ്ചേരിപ്പറമ്പത്ത് മറിയയുടെയും നാലു മക്കളിൽ ഒരാളായി 1870 ഒക്ടോബർ 19–ന് കാക്കപ്പൻ (അതായിരുന്നു വിളിപ്പേർ) ജനിച്ചു. അയ്യമ്പിള്ളിയിലും എറണാകുളത്തുമായിരുന്നു സ്കൂൾ വിദ്യാഭ്യാസം. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ബി.എ. ബിരുദം നേടി. നിയമപഠനം ആരംഭിച്ചു. ആദ്യ വർഷത്തെ എഫ്.എൽ. പാസ്സായി. പിതാവിന്റെ മരണത്തോടെ നിയമപഠനം അവസാനിപ്പിച്ച് നാട്ടിൽ എത്തി. വടക്കൻപറവൂർ ഈരാളിൽ മേരിയെ 1891–ൽ വിവാഹം കഴിച്ചു. ആ ദമ്പതികൾക്ക് 11 മക്കൾ ജനിച്ചു. പത്തു പേരുകൾ ലഭ്യമാണ്. 1. മേരി പൗലൂസ്, 2. എം. സി. എബ്രഹാം, 3. ഡോ. ചാക്കോ ജോർജ്ജ്, 4. സാറാ ചാക്കോ, 5. എം. സി. ജേക്കബ്, 6. സലോമി, 7. ശോശാമ്മ, 8. ആനി മാത്യു, 9. മാർത്ത, 10. ജോൺ ചാക്കോ.

1896–ൽ ഹജൂർ കച്ചേരിയിൽ ഗുമസ്തൻ ആയി നിയമിതനായി. ക്രമേണ മജിസ്ട്രേട്ട്, തഹശീൽദാർ, ദിവാൻ പേഷ്ക്കാർ, ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് എന്നീ ഉദ്യോഗങ്ങളിലേക്ക് പ്രമോഷൻ കിട്ടി. ഇക്കാലത്താണ് തൃശൂർ മാർ ഇഗ്നേഷ്യസ് പള്ളിയുടെ നിർമ്മാണത്തിന് ചാക്കോ നേതൃത്വം നൽകിയത്. 1905–ൽ കുന്നംകുളം വ്യവഹാരം അവസാനിച്ചശേഷം കുന്നംകുളം പള്ളികളിൽ ക്രമീകൃത ഭരണം ഏർപ്പെടുത്തുവാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് എം. എ. ചാക്കോയുടെ സഹായം ലഭിച്ചു. സംഭവബഹുലമായ ഔദ്യോഗിക ജീവിതത്തിനിടയിലും സമുദായ കാര്യങ്ങളിൽ സവിശേഷമായ ശ്രദ്ധ പതിപ്പിച്ചിരുന്നു. 25–ാമത്തെ വയസ്സിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ പള്ളി പ്രതിനിധിയായി സംബന്ധിച്ചു. പല പ്രാവശ്യം മാനേജിംഗ് കമ്മിറ്റി മെമ്പറായും സേവനമനുഷ്ഠിച്ചു. എറണാകുളം, തൃശൂർ, വടക്കാഞ്ചേരി എന്നീ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുന്നതിന് മുന്നിട്ടു പ്രവർത്തിച്ചു.

പരമ ഭക്തനായിരുന്നു. നോമ്പും പ്രാർത്ഥനകളും മുടക്കം കൂടാതെ അനുഷ്ഠിച്ചു. മക്കളും ഇവയൊക്കെ അനുസരിച്ചാണ് വളർന്നത്. എല്ലാ കുട്ടികളും സന്ധ്യാ പ്രാർത്ഥനയ്ക്ക് സന്നിഹിതരാകണമെന്നത് ഒരു നിയമം തന്നെയായിരുന്നു. ആലുവായിലെ യൂണിയൻ ക്രിസ്ത്യൻ കോളജും ക്രൈസ്തവ മഹിളാലയം ഹൈസ്കൂളും ആരംഭിച്ചപ്പോൾ പ്രാരംഭ ചർച്ചകളിൽ ചാക്കോ ഭാഗഭാക്കായിരുന്നു. മഹിളാലയത്തിന്റെ പ്രഥമ ഹെഡ്മിസ്ട്രസ് മകൾ സാറാ ചാക്കോ ആയിരുന്നു.

1910–ൽ അദ്ദേഹം പോലീസ് സൂപ്രണ്ടായി നിയമിതനായി. സഭാചരിത്രത്തിൽ അദ്ദേഹം തിളക്കം ആർജ്ജിക്കുന്നത് അതിനുശേഷമാണ്. പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് രൂപം കൊണ്ട അത്മായ നേതൃത്വത്തിന്റെ ഭാഗമെന്ന നിലയിൽ ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള എന്നിവരോടൊപ്പം ചാക്കോ സൂപ്രണ്ടും അതി ശക്തമായി മലങ്കര മെത്രാപ്പോലീത്തായെ പിൻതുണച്ചു. വൈദിക ട്രസ്റ്റിയോടും അത്മായ ട്രസ്റ്റിയോടും മെത്രാപ്പോലീത്താ വിയോജിക്കുന്ന ഘട്ടങ്ങളിൽ മൂന്നു പേരും അതൊഴിവാക്കാൻ ശ്രമിച്ചിരുന്നു. പിൽക്കാലത്തെ എല്ലാ അസോസിയേഷൻ സമ്മേളനങ്ങളിലും മാനേജിംഗ് കമ്മറ്റികളിലും ഈ ത്രിമൂർത്തികൾ മെത്രാപ്പോലീത്തായുടെ പിന്നിൽ പാറപോലെ ഉറച്ചു നിന്നു.

തൃശൂരിൽ പൊട്ടിപ്പുറപ്പെട്ട നായർ-നസ്രാണി കലാപം അവസാനിച്ച ഉടനെ 1921–ൽ ചാക്കോ സൂപ്രണ്ടിനെ എക്സൈസ് കമ്മീഷണറായി വകുപ്പ് മാറ്റി നിയമിച്ചു. ആശ്വാസമെന്നോണം പ്രതിമാസം 50 രൂപാ ശമ്പള വർദ്ധനയും നൽകി. തൃശൂർ ലഹളക്കാലത്ത് ശക്തമായ ഒരു എതിർപക്ഷം ചാക്കോയ്ക്ക് നേരെ പ്രവർത്തിച്ചുകൊണ്ടിരുന്നു. എക്സൈസ് കമ്മീഷണർക്കെതിരെ ഒരു പണാപഹരണ കേസ് ഉണ്ടായി. പ്രാഥമിക കോടതിയിൽ അദ്ദേഹം ശിക്ഷിക്കപ്പെട്ടു എങ്കിലും അപ്പീൽ കോടതിയിൽ അദ്ദേഹം ശിക്ഷയിൽ നിന്ന് വിമോചിതനായി. കേസ് ജയിച്ചതിനെ തുടർന്ന്, 1925–ൽ പെൻഷൻ പറ്റിയ അദ്ദേഹത്തിന് പൂർണ്ണ പെൻഷനും ശമ്പളകുടിശ്ശികയും ലഭിച്ചു. കാര്യങ്ങൾ തുറന്നു പറയുക എന്ന സ്വഭാവം പലപ്പോഴും ശത്രുക്കളെ ഉണ്ടാക്കുമായിരുന്നു. തന്മൂലം പ്രബലരായ ശത്രുക്കളോട് എതിരിടേണ്ടി വരുന്നതിലെ ക്ലേശങ്ങൾ അനുഭവിച്ചിട്ടുണ്ട്. എന്നാൽ അതൊന്നും അദ്ദേഹത്തിന്റെ സ്ഥൈര്യത്തെയോ ധൈര്യത്തെയോ ബാധിച്ചിരുന്നില്ല.

മലങ്കരസഭാ സമാധാനം അദ്ദേഹത്തിന്റെ വലിയ സ്വപ്നം ആയിരുന്നു. ആലുവായിലും കോട്ടയത്തുമായി നടന്ന എല്ലാ സമാധാന ചർച്ചകളിലും ചാക്കോ സൂപ്രണ്ട് സജീവമായി പങ്കെടുത്തു. 1928–ൽ നടന്ന കൊച്ചിൻ നിയമസഭാ കൗൺസിലിലേക്ക് ഞാറയ്ക്കൽ നിയോജക മണ്ഡലത്തിൽ നിന്നും 1931–ൽ നടന്ന മൂന്നാമത്തെ തെരഞ്ഞെടുപ്പിൽ വെള്ളാരപ്പിള്ളി മണ്ഡലത്തിൽ നിന്നുമായി രണ്ടു വട്ടം ചാക്കോ സൂപ്രണ്ട് കൊച്ചി നിയമസഭയിൽ എം.എൽ.സി. ആയി.

സമുദായക്കേസിൽ കോട്ടയം കോടതിയിൽ മൊഴി കൊടുക്കുവാൻ ബാവായുടെ ദൂതനായി വന്ന മണലിൽ യാക്കോബ് കത്തനാരോടൊപ്പം ചാക്കോ സൂപ്രണ്ട് കോട്ടയത്തേയ്ക്ക് യാത്രയായി. പഴയ സെമിനാരിയുടെ മുകളിലത്തെ നിലയിലായിരുന്നു താമസം. 1941 ആഗസ്റ്റ് 25–ന് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ അർപ്പിച്ച കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാന അനുഭവിച്ചു. പ്രഭാത ഭക്ഷണം കഴിഞ്ഞ് വസ്ത്രം മാറി കോട്ട് ധരിച്ച് വാക്കിംഗ് സ്റ്റിക്ക് കൈയിലെടുത്ത് ഗോവണിയോടടുത്തപ്പോൾ അസ്വസ്ഥത തോന്നി. കൂടെയുള്ളവർ താങ്ങി മുറിയിൽ ഒരു കട്ടിലിൽ കിടത്തി. പ. ബാവാ ഉടനെ തൈലാഭിഷേകം നടത്തി. ഡോ. വരുന്നതിനു മുമ്പ് അദ്ദേഹം അന്തരിച്ചു. ആഗസ്റ്റ് 26–ന് തൃശൂർ മാർ ഇഗ്നാത്തിയോസ് പള്ളിയിൽ നടന്ന കബറടക്കത്തിന് പ. കാതോലിക്കാബാവായും പുത്തൻകാവിൽ കൊച്ചുതിരുമേനിയും നേതൃത്വം നൽകി. അഖില ലോക സഭാ കൗൺസിൽ പ്രസിഡണ്ടായിരുന്ന സാറാ ചാക്കോ ഇദ്ദേഹത്തിന്റെ പുത്രിയും പ്രസിദ്ധ ഭിഷഗ്വരനായിരുന്ന ഡോ. ചാക്കോ ജോർജ് പുത്രനുമാണ്.

റാവു സാഹിബ് ഒ. എം. ചെറിയാൻ (1874–1944)

ഔദ്യോഗിക ജീവിതത്തിലും സാമൂഹ്യ സാംസ്കാരിക വൈജ്ഞാനിക മേഖലകളിലും സഭാമണ്ഡലത്തിലും ജ്വലിച്ചു നിന്നിരുന്ന പ്രതിഭാശാലി. കോട്ടയത്തിനടുത്ത് പുതുപ്പള്ളി ഒറ്റപ്ലാക്കൽ ചെറിയാൻ മാത്തുവിന്റെയും വാകത്താനം വെട്ടിപറമ്പിൽ ഉണിച്ചിയമ്മയുടെയും പുത്രനായി 1874 ജൂലൈ 12–ന് ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ബിരുദം നേടി കോട്ടയം എം.ഡി. സെമിനാരി സ്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. അനന്തരം മദ്രാസ് സെയ്ദപെട്ട് ട്രെയിനിംഗ് കോളജിൽ നിന്ന് എൽ.റ്റി. ബിരുദം നേടി. തിരുവനന്തപുരം മോഡൽ സ്കൂൾ, മഹാരാജാസ് ട്രെയിനിംഗ് കോളജ് എന്നിവിടങ്ങളിലും അദ്ധ്യാപകനായിരുന്നു.

തിരുവിതാംകൂർ രാജകൊട്ടാരം ട്യൂട്ടറായിരുന്ന ഇദ്ദേഹത്തിന് രാജകുടുംബങ്ങളിൽ പലരുടെയും ആചാര്യപദവി ലഭിച്ചു. വിദ്യാഭ്യാസ വകുപ്പിൽ ചീഫ് ഇൻസ്പെക്ടറായി പ്രവർത്തിച്ച കാലത്ത് അനവധി സ്കൂളുകൾ സ്ഥാപിക്കുന്നതിനും അംഗീകാരം നൽകുന്നതിനും കഴിഞ്ഞു. തിരുവിതാംകൂറിലെ പ്രഗത്ഭനായ വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു.

സഭയിലെ അത്മായ നേതാക്കന്മാരിൽ പ്രമുഖനായിരുന്ന ഇദ്ദേഹം മലങ്കര സഭാ ഭരണഘടന എഴുതിയുണ്ടാക്കുന്നതിനു രൂപവൽക്കരിച്ച കമ്മിറ്റിയുടെ കൺവീനറായിരുന്നു. അദ്ദേഹം തയ്യാറാക്കിയ ഭരണഘടനാ വ്യവസ്ഥകളാണ് പിന്നീട് ചില ഭേദഗതികളോടെ മലങ്കര അസ്സോസിയേഷൻ പാസാക്കിയത്. 1935–ൽ 'കാതോലിക്കാ നിധി' ശേഖരണ പ്രസ്ഥാനത്തിൽ അതിന്റെ ജീവനാഡിയായി പ്രവർത്തിച്ചു. മലങ്കരയിലുടനീളം സഞ്ചരിച്ച് പ്രസംഗിച്ചും, ഉത്തേജനജനകങ്ങളായ ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തിയും, പത്രങ്ങളിൽ ലേഖനങ്ങളും കവിതകളും എഴുതിയും നിധിസംഭരണം വിജയപ്രദമാക്കി. അതിന്റെ റിപ്പോർട്ട് ഒരു ബൃഹദ് ഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ഏതാണ്ട് ഒന്നര വ്യാഴവട്ടക്കാലത്തെ അദ്ദേഹത്തിന്റെ തപസ്യയിലൂടെ മലയാള സാഹിത്യത്തിനു ലഭിച്ച ഒരു ബൃഹദ്ഗ്രന്ഥമാണ് 'ഹൈന്ദവ ധർമ്മ സുധാകരം'. കൈയെഴുത്തിൽ ഏതാണ്ട് മുപ്പതിനായിരം പേജ് വരുന്ന ഈ ഗ്രന്ഥം 20 വാല്യങ്ങളായിട്ടാണ് എഴുതിയിട്ടുള്ളത്. അതിൽ മൂന്നു വാല്യങ്ങൾ മാത്രമേ അദ്ദേഹത്തിന്റെ കാലത്ത് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. വിദ്യാഭ്യാസ വിഷയകമായി പല കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത അപസർപ്പക നോവലായ 'കാലന്റെ കൊലയറ' ഇദ്ദേഹത്തിന്റെ പ്രസിദ്ധമായ കൃതിയാണ്. 'മിശിഹാ ഭക്തിലഹരി', 'ക്രൈസ്തവ ധർമ്മ നവനീതം' (അപ്പോസ്തല പ്രവൃത്തികളുടെ വ്യാഖ്യാന പഠനം), 'കാതോലിക്കാ സിംഹാസന ചരിത്രം' എന്നിവയാണ് മറ്റ് കൃതികൾ. 1944 ഫെബ്രുവരി 1–ന് അന്തരിച്ചു. കോട്ടയം നിലയ്ക്കൽ പള്ളിയിൽ കബറടക്കി.

സി. പി. തരകൻ (28–6–1890 – 31–7–1936)

ആലുവായ്ക്കടുത്ത് പള്ളിക്കരയിൽ പുരാതനമായ ചിറ്റേത്തു കുടുംബത്തിൽ ചെറിയ തരകന്റേയും പറവൂർ കുളങ്ങര എലിശുബ ചാണ്ടിയുടേയും മകനായി 28–6–1890 ൽ ജനിച്ചു. വളരെ ചെറുപ്പത്തിലേ തന്നെ പൊതുകാര്യങ്ങളിൽ വ്യാപൃതനായിരുന്ന തരകൻ വിവിധ കാലങ്ങളിൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലും ലെജിസ്ലേറ്റീവ് അസംബ്ലിയിലും അംഗമായിരുന്നു. (എം.എൽ.സി., എം.എൽ.എ.).

വിദ്യാഭ്യാസകാര്യങ്ങളിൽ തല്പരനായി ആലുവ യു.സി. കോളജ്, ക്രിസ്ത്യൻ മഹിളാലയം, കോതമംഗലം മാർ ബേസിൽ ഹൈസ്കൂൾ, കിഴക്കമ്പലം സ്വർണ്ണത്ത് സ്കൂൾ, മോറക്കാല സെന്റ് മേരീസ് സ്കൂൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ പങ്കു വഹിച്ചു. ആലുവാ കേന്ദ്രീകരിച്ചു പ്രവർത്തിച്ച ഇന്ത്യൻ സിറ്റിസൺസ് ബാങ്കിന്റെ ചെയർമാൻ ആയിരുന്നു. നിവർത്തന പ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിന്നു പ്രവർത്തിച്ചു. എം.ഡി. സിമ്മനാരി സ്കൂളിലെ വിദ്യാഭ്യാസകാലത്ത് വട്ടശ്ശേരിൽ തിരുമേനി, പണിക്കരച്ചൻ (മാർ ഈവാനിയോസ്), കെ. സി. മാമ്മൻ മാപ്പിള തുടങ്ങിയവരുമായി അടുത്തിടപഴകുവാനും അതുവഴി സഭാകാര്യങ്ങളിൽ ഇടപെടുവാനും സഭയുടെ പ്രധാനമായ പല ആലോചനായോഗങ്ങളിൽ പങ്കെടുക്കുവാനും ഇടവന്നു.

അങ്കമാലി ഭദ്രാസനത്തിൽ കാതോലിക്കാ പക്ഷം താരതമ്യേന ബലഹീനമായിരുന്ന ആദ്യ കാലത്തുതന്നെ പള്ളിക്കരയിൽ തരകൻ കുടുംബത്തിന്റെ വകയായി ഒരു പള്ളി ഉയർന്നു. 1930–ൽ ഗീവറുഗീസ് ദ്വിതീയൻ ബാവാ കൂദാശ ചെയ്തു. കാൽ നൂറ്റാണ്ടിനു ശേഷം അത് കാതോലിക്കാ സിംഹാസനത്തിലേക്ക് എഴുതിക്കൊടുത്തു. കാതോലിക്കാ പക്ഷത്ത് ഉറച്ചുനിൽക്കുമ്പോഴും സഭയിലെ ഇരുവിഭാഗങ്ങളും യോജിച്ച് ശക്തിപ്രാപിച്ച് മുന്നോട്ടു പോകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. തന്റെ കാലത്തു നടന്ന സമാധാനശ്രമങ്ങളിലെല്ലാം അദ്ദേഹം അകമഴിഞ്ഞ് പരിശ്രമിച്ചു. പാത്രിയർക്കീസ് പക്ഷത്തെ പ്രധാനികളായിരുന്ന കോനാട്ട് മാത്തൻ മല്പാനും, സി. ജെ. കുര്യനുമായുണ്ടായിരുന്ന അടുത്ത കുടുംബബന്ധങ്ങളും അത്താനാസ്യോസ് തിരുമേനിയുമായുണ്ടായിരുന്ന സൗഹൃദവും അവരുമായി തുറന്നു സംസാരിക്കുന്നതിനു സഹായിച്ചു.

കോനാട്ട് മല്പാനച്ചന്റെ ജീവിതാവസാനകാലത്ത് വട്ടശ്ശേരിൽ തിരുമേനിയെ കാണണമെന്ന ആഗ്രഹം പ്രകടിപ്പിച്ച് എഴുതുകയും തിരുമേനി അതിനായി പോകുവാൻ തയാറായി ദിവസം നിശ്ചയിച്ച് എഴുതുകയും അന്ന് തരകൻ കൂടി പാമ്പാക്കുട ചെല്ലണമെന്ന് ആവശ്യപ്പെട്ട് എഴുതുകയും ചെയ്തിരുന്നു. പക്ഷേ പറഞ്ഞ ദിവസത്തിന് രണ്ടു ദിവസം മുമ്പ് മല്പാനച്ചൻ ദിവംഗതനായി. സി. പി. തരകൻ തന്റെ നാല്പത്താറാം വയസ്സിൽ 31–7–1936 ൽ അന്തരിച്ചു.

നെടുമ്പാശ്ശേരി വയലിപറമ്പിൽ കോരയുടെ മകൾ മേരിയെ വിവാഹം കഴിച്ചു. നാലു മക്കൾ: ബെസ്സി, സൂസി, മോളി, ജോർജ്ജ്. ബെസ്സിയെ കുന്നംകുളത്ത് ചീരൻ മാത്യു വിവാഹം കഴിച്ചു. മോളിയെ അയ്യമ്പിള്ളി മഴുവഞ്ചേരിപറമ്പത്ത് ഡോ. എം. സി. ജേക്കബ് വിവാഹം കഴിച്ചു. മകൻ അഡ്വ. ജോർജ്ജ് തരകൻ കോട്ടയത്ത് കുരിശുംമൂട്ടിൽ ചെറിയാന്റെ (പാപ്പി) മകൾ ഡെയ്സിയെ വിവാഹം കഴിച്ചു. അവിവാഹിതയായിരുന്ന സൂസി ഡൽഹി നാഷണൽ ഫിസിക്കൽ ലബോറട്ടറിയിലും സെൻട്രൽ സെക്രട്ടറിയേറ്റിലും ഉദ്യോഗങ്ങൾ വഹിച്ചിരുന്നു.

അഡ്വ. പി. റ്റി. ഈപ്പനെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.

വിവരങ്ങൾ അറിയാവുന്നവർ 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ വിവരങ്ങൾ അയക്കുക.

Printed and Published by Sunil C Abraham on behalf of Orthodox Sabha Almayavedhi, Pampady P.O., Kottayam.
DTP & Printing: Sophia Print House, Kottayam